"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ഡേവിഡ്.വൈ-യുടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.574/2026/LSGD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- 1. ജി.സി.ഡി.എ സെക്രട്ടറിയുടെ 06.08.2024, 15.10.2024, 15.03.2025 തീയ്യതികളിലെ 5753/ജി3/2020/ജി.സി.ഡി.എ നമ്പർ കത്ത്

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ.മാത്യു ജോയ് വ്യക്തിപരമായ കാരണങ്ങളാൽ അവധിയിൽ പ്രവേശിച്ചപ്പോൾ ടി തസ്തികയുടെ ചുമതല അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ.ഡേവിഡ് വൈ-യ്ക്ക് നൽകിയിരുന്നെന്നും എന്നാൽ ടിയാൻ ചുമതല ഏറ്റെടുക്കാൻ സാധ്യമല്ല എന്ന് അറിയിച്ചിരുന്നെന്നും ശ്രീ. ഡേവിഡ് വൈ-യുടെ ഈ നടപടി ചട്ടലംഘനവും ധിക്കാരപരവുമായി കണ്ടുകൊണ്ട് ടിയാനിൽ നിന്ന് വിശദീകരണം ചോദിച്ചു കൊണ്ട് മെമ്മോ നൽകിയിരുന്നുവെന്നും ജിസിഡിഎ സെക്രട്ടറി പരാമർശിത കത്ത് പ്രകാരം അറിയിച്ചിരുന്നു. ശ്രീ. ഡേവിഡ് വൈ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 23.10.2020-ന് ടിയാനെ സസ്പെന്റ് ചെയ്യുകയും 18.12.2020-ന് ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ആഭ്യന്തര അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. ഡേവിഡ്. വൈ അച്ചടക്ക ലംഘനം നടത്തിയതായി കണ്ടെത്തുകയും, കേരള സർക്കാർ ജീവനക്കാരുടെ ശിക്ഷാ നടപടി മാന്വൽ പാര 46 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിൽ ജിസിഡിഎ സീനിയോറിറ്റി ലിസ്റ്റിൽ ഏറ്റവും ജൂനിയർ ആയി തരം താഴ്ത്തിക്കൊണ്ട് സസ്പെൻഷൻ പിൻവലിക്കുകയും ചെയ്തിരുന്നു.

2. ശ്രീ. ഡേവിഡ് വൈ-ക്ക് എതിരെ അതോറിറ്റി സ്വീകരിച്ച അച്ചടക്ക നടപടിയ്ക്കെതിരെ ടിയാൻ ബഹു ഹൈക്കോടതിയിൽ WP(C) No.22294/2021 പെറ്റീഷൻ ഫയൽ ചെയ്യുകയും ടിയാന്റെ അപ്പീൽ പരിഗണിച്ച് 3 മാസത്തിനകം ഉചിത തീരുമാനമെടുക്കാൻ 20.10.2021 തീയതിയിലെ ബഹു. ഹൈക്കോടതി വിധിപ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. ഡേവിഡ് വൈ-യുടെ വാദങ്ങൾ പരിഗണിച്ച് ടിയാൻ ജോലിചെയ്തിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദവിയിലേക്ക് തരം താഴ്ത്തിയ നടപടി പുന:പരിശോധിച്ച്, ടിയാന് 12.08.2021-ന് മുൻപ് നിലവിലുണ്ടായിരുന്ന അതേ സീനിയോറിറ്റി പദവി പുന:സ്ഥാപിച്ച് അതോറിറ്റി സെക്രട്ടറി ഉത്തരവിറക്കുകയും ചെയ്തിരുന്നു.

3. ഇതേത്തുടർന്ന് സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. ഡേവിഡ്.വൈ അതോറിറ്റി ചെയർമാന് അപ്പീൽ നൽകുകയും ആയത് തീർപ്പാക്കി

21.11.2022-ന് ജിസിഡിഎ സെക്രട്ടറി ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

4. എന്നാൽ ടി ഉത്തരവ് നടപടിക്രമത്തിലെ വ്യവസ്ഥകൾ തൃപ്തികരമല്ലാത്തതിനാൽ ശ്രീ.ഡേവിഡ്.വൈ സർക്കാരിലേക്ക് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നതായും, ഈ സാഹചര്യത്തിൽ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ.ഡേവിഡ്.വൈ യുടെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് പരാമർശം പ്രകാരം ജി.സി.ഡി.എ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാല കൊച്ചി വികസന അതോറിറ്റിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീ. ഡേവിഡ്.വൈ യുടെ 23.10.2020 മുതൽ 11.08.2021 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 12.08.2021 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9) Note-2 പ്രകാരം പ്രവേശനകാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് നൽകുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ&ആർ.എസ്.എ ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
ധനകാര്യ വകുപ്പ് (08.08.2025-ലെ WCD-3/269/2024-Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (IA3/119/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 04-03-2026 16:38:00